# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം

## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 22-02-2024**

### പ്രധാനവാർത്തകൾ

1) പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ഭൂട്ടാൻ സന്ദർശനം പുരോഗമിക്കുന്നു. ഭൂട്ടാൻറെ പരമോന്നത സിവിലിയൻ ബഹുമതി ഏറ്റുവാങ്ങി പ്രധാനമന്ത്രി.

2) മദ്യനയ അഴിമതിക്കേസിൽ അറസ്റ്റിലായ ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജ്രിവാളിനെ കോടതിയിൽ ഹാജരാക്കി. ഇ.ഡിയുടെ കസ്റ്റഡി അപേക്ഷയിൽ കോടതി ഉടൻ തീരുമാനം പറയും.

3) സംസ്ഥാനത്ത് ലോക്സഭാ തിരഞ്ഞെടുപ്പിനുള്ള മുന്നൊരുക്കങ്ങൾ പുരോഗമിക്കുന്നു. വോട്ടർ പട്ടികയിൽ പേരു ചേർക്കാൻ തിങ്കളാഴ്ച വരെ അവസരം.

4) തിരഞ്ഞെടുപ്പ് തയ്യാറെടുപ്പുകൾ വിലയിരുത്തുന്നതിന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ സഞ്ജയ് കൗൾ നാളെ എറണാകുളത്ത് അവലോകനയോഗം ചേരും.

5) സംസ്ഥാനത്ത് ഉയർന്ന ചൂട് തുടരുന്ന സാഹചര്യത്തിൽ ജലജന്യ രോഗങ്ങൾക്കെതിരെ ജാഗ്രത പാലിക്കണമെന്ന് ആരോഗ്യ മന്ത്രി വീണാ ജോർജ്.

6) ഐ.പി.എൽ ട്വൻറി-20 ക്രിക്കറ്റ് 17-ാം സീസണ് ഇന്ന് തുടക്കം.

******************************************

RNU TVPM

## പ്രധാനമന്ത്രി ഭൂട്ടാൻ

പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ ഭൂട്ടാൻ സന്ദർശനം തുടരുന്നു. തിംഫുവിൽ നടന്ന ചടങ്ങിൽ ഭൂട്ടാനിലെ പരമോന്നത സിവിലിയൻ ബഹുമതിയായ ഓർഡർ ഓഫ് ദി ഡ്രക് ഗ്യാൽപോ ഭൂട്ടാൻ രാജാവ് ശ്രീ മോദിക്ക് സമ്മാനിച്ചു. ബഹുമതി തൻ്റെ വ്യക്തിപരമായ നേട്ടമല്ലെന്നും, ഇന്ത്യയിലെ 140 കോടി ജനങ്ങൾക്കും അഭിമാനമാണെന്നും ശ്രീ മോദി പറഞ്ഞു. സന്ദർശനത്തിന്റെ ഭാഗമായി ഭൂട്ടാൻ രാജാവ് ജിഗ്മേ ഖേസർ നാംഗ്യേൽ വാങ്ചുക്കുമായി അദ്ദേഹം കൂടിക്കാഴ്ച നടത്തി. ഇന്ത്യ-ഭൂട്ടാൻ ഉഭയകക്ഷി ബന്ധം ശക്തിപ്പെടുത്താനുള്ള മാർഗങ്ങൾ ഇരുവരും ചർച്ച ചെയ്തു. രണ്ടു ദിവസത്തെ സന്ദർശനത്തിനായാണ് പ്രധാനമന്ത്രി ഭൂട്ടാനിലെത്തിയത്.

*****************************************

## കെജ്രിവാൾ

മദ്യനയ അഴിമതിക്കേസിൽ ഇ.ഡി അറസ്റ്റിലായ ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജ്രിവാളിനെ റോസ് അവന്യൂ കോടതിയിൽ ഹാജരാക്കി. പത്ത് ദിവസത്തെ കസ്റ്റഡിയാണ് എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് കോടതിയോട് ആവശ്യപ്പെട്ടിരിക്കുന്നത്. കെജ്രിവാളിനു വേണ്ടി മുതിർന്ന അഭിഭാഷനായ മനു അഭിഷേക് സിംഗ്വി കോടതിയിൽ ഹാജരായി. വാദപ്രതിവാദം മൂന്നു മണിക്കൂറിലേറെ നേരം നീണ്ടു നിന്നു. കോടതിയുടെ തീരുമാനം ഉടൻ പുറത്തുവരുമെന്നാണ് പ്രതീക്ഷിക്കുന്നത്. റോസ് അവന്യൂ കോടതി പരിസരത്ത് സുരക്ഷാക്രമീകരണങ്ങൾ ശക്തമാക്കി യിട്ടുണ്ട്. ഇന്നലെ രാത്രിയാണ് ഡൽഹിയിലെ വസതിയിൽ നിന്നും അരവിന്ദ് കെജ്രിവാളിനെ ഇ.ഡി അറസ്റ്റ് ചെയ്തത്. അറസ്റ്റിനെതിരെ മന്ത്രിമാരുൾപ്പെടെയുള്ള ആം ആദ്മി നേതാക്കൾ രാജ്യതലസ്ഥാനത്ത് ശക്തമായ പ്രതിഷേധമുയർത്തി.

*****************************************

RNU TVPM

## <u>വോട്ടർ പട്ടിക</u>

സംസ്ഥാനത്ത് ലോക്സഭാ തിരഞ്ഞെടുപ്പിനുള്ള മുന്നൊരുക്കങ്ങൾ പുരോഗമിക്കുന്നു. വോട്ടർ പട്ടികയിൽ ഇതുവരെ പേര് ചേർത്തിട്ടില്ലാത്തവർക്ക് തിങ്കളാഴ്ച വരെ അതിനുള്ള അവസരമുണ്ടാകുമെന്ന് തെരഞ്ഞെടുപ്പ് കമ്മീഷൻ അറിയിച്ചു. 18 വയസ് തികഞ്ഞ ഏതൊരു ഇന്ത്യൻ പൗരനും കമ്മിഷൻറെ voters.eci.gov.in എന്ന പോർട്ടൽ വഴിയും , വോട്ടർ ഹെൽപ് ലൈൻ ആപ് ഉപയോഗിച്ചും, ബൂത്ത് ലെവൽ ഓഫീസർമാർ വഴിയും വോട്ടർ പട്ടികയിൽ പേര് ചേർക്കാം. ഈ മാസം 28 നാണ് കേരളമുൾപ്പെടെയുള്ള സംസ്ഥാനങ്ങളിലെ തിരഞ്ഞെടുപ്പിനുള്ള വിജ്ഞാപനം പുറപ്പെടുവിക്കുന്നത്. ഏപ്രിൽ 26 നാണ് സംസ്ഥാനത്ത് വോട്ടെടുപ്പ്. വോട്ടെണ്ണൽ ജൂൺ നാലിന് നടക്കും.

****************************************

RNUTVPM

## <u>അവലോകനയോഗം</u>

ലോക്സഭാ തിരഞ്ഞെടുപ്പിൻറെ ഒരുക്കങ്ങൾ വിലയിരുത്തുന്നതിന് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസർ സഞ്ജയ് കൗൾ നാളെ എറണാകുളത്ത് അവലോകനയോഗം നടത്തും. ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം ജില്ലകളിലെ ഒരുക്കങ്ങളാണ് വിലയിരുത്തുക. ഈ ജില്ലകളിലെ ജില്ലാ കളക്ടർമാർ, ജില്ലാ പോലീസ് മേധാവിമാർ, ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥർ യോഗത്തിൽ പങ്കെടുക്കും.

****************************************

## <u>മണ്ഡലങ്ങളിലൂടെ - എറണാകുളം ജില്ല (ഇൻട്രോ)</u>

സംസ്ഥാനത്തിൻറെ സാമ്പത്തിക മേഖലയിൽ നിർണായക സ്വാധീനമുള്ള എറണാകുളം ലോക്സഭാ മണ്ഡലത്തിൽ തിരക്കിട്ട പ്രചാരണ പ്രവർത്തനങ്ങളുമായി യുഡിഎഫ്, എൽ.ഡി.എഫ് സ്ഥാനാർത്ഥികൾ മുന്നോട്ട് പോവുകയാണ്. എൻ.ഡി.എ സ്ഥാനാർത്ഥി പ്രഖ്യാപനം കൂടി വരുന്നതോടെ മണ്ഡലത്തിൽ പ്രചാരണം ഇനിയും കൊഴുക്കും.

**കൂടുതൽ വിവരങ്ങളുമായി കൊച്ചിയിൽനിന്ന് ആകാശവാണി പ്രതിനിധി രാജ്മോഹൻ :**

**(വോയ്സ്)**

*******************************************

**സാക്ഷം ആപ്പ്**

ഭിന്നശേഷിക്കാർക്ക് തിരഞ്ഞെടുപ്പ് പ്രക്രിയ ലഘൂകരിക്കുന്നതിനായി സാക്ഷം ആപ്പുമായി തിരഞ്ഞെടുപ്പ് കമ്മീഷൻ. വോട്ടർ രജിസ്ട്രേഷൻ മുതൽ വോട്ടെടുപ്പ് ദിവസത്തെ യാത്ര സൗകര്യം ഉറപ്പാക്കാൻ വരെയുള്ള സേവനങ്ങൾക്കായി ഈ ആപ്പ് ഉപയോഗിക്കാം. ഇതിനായി ഉപയോക്താവിന് ഒരു സജീവ മൊബൈൽ നമ്പർ ഉണ്ടായിരിക്കണം.സാക്ഷം ആപ്പ് ഗൂഗിൾ പ്ലേ സ്റ്റോറിലും ആപ്പിൾ സ്റ്റോറിലും ലഭ്യമാണ്.

*******************************************

**തപാൽ വോട്ട് സേവനം - ലക്ഷദ്വീപ്**

ലക്ഷദ്വീപ് മുഖ്യ തിരഞ്ഞെടുപ്പ് ഓഫീസറുടെ അഭ്യർത്ഥന പ്രകാരം ലക്ഷദ്വീപ് പാർലമെന്റ് നിയോജക മണ്ഡലത്തിൽ അവശ്യ സേവന വിഭാഗത്തിൽ ജോലി ചെയ്യുന്ന ജീവിനക്കാർക്ക് തപാൽ വോട്ട് സേവനം അനുവദിച്ച് തിരഞ്ഞെടുപ്പ് കമ്മീഷൻ. ആരോഗ്യ സേവനം, തപാൽ, പോലീസ് തുടങ്ങി ലക്ഷദ്വീപിൽ നിന്നും 11 വിഭാഗം ജീവനക്കാർക്കാണ് ഈ സൗകര്യം അനുവദിച്ചിട്ടുള്ളത്.

RNU TVPM

*******************************************

**ട്രഷറികൾക്ക് നിർദേശം .**

മാർച്ചിലെ ബില്ലുകളും പാസാക്കാൻ ട്രഷറികൾക്ക് നിർദേശം. മാർച്ച് 19 വരെ ട്രഷറികളിൽ ലഭിച്ച എല്ലാ ബില്ലുകളും പാസാക്കി പണം നൽകും. 1,211 കോടി രൂപയാണ് വിതരണം ചെയ്യുന്നത്. തദ്ദേശ സ്ഥാപനങ്ങളുടെ അടക്കം എല്ലാ ബില്ലുകളും മുൻഗണനാ ക്രമത്തിൽ മാറിനൽകും.

*******************************************

**ജാഗ്രത, മന്ത്രി വീണാ ജോർജ്**

സംസ്ഥാനത്ത് ഉയർന്ന ചൂട് തുടരുന്ന സാഹചര്യത്തിൽ ജലജന്യ രോഗങ്ങൾക്കെതിരെ ജാഗ്രത പാലിക്കണമെന്ന് ആരോഗ്യ മന്ത്രി വീണാ ജോർജ്. വേനൽക്കാലത്ത് ശുദ്ധ ജലത്തിന്റെ ലഭ്യത കുറവായതിനാൽ ജലജന്യ രോഗങ്ങൾ ഉണ്ടാവാൻ സാധ്യതയുണ്ട്. വയറിളക്ക രോഗങ്ങൾ, മഞ്ഞപിത്തം, കോളറ, ടൈഫോയിഡ്, ഷിഗല്ല തുടങ്ങിയ രോഗങ്ങൾക്ക് സാധ്യതയുണ്ടെന്നും ആരോഗ്യമന്ത്രി പറഞ്ഞു. പെട്ടെന്ന് നിർജലീകരണമുണ്ടാകാൻ സാധ്യതയുള്ളതിനാൽ ദാഹം തോന്നിയില്ലെങ്കിലും വെള്ളം കുടിക്കണം. രോഗ ലക്ഷണങ്ങൾ സങ്കീർണമാകുന്നതിന് മുൻപുതന്നെ ചികിത്സ തേടണമെന്നും മന്ത്രി അഭ്യർത്ഥിച്ചു.

****************************************

**ജാഗ്രത-വിദേശ തൊഴിൽ തട്ടിപ്പ്**

സംഘർഷം നിലനിൽക്കുന്ന റഷ്യ, യുക്രൈൻ മേഖലകളിൽ തോഴിലന്വേഷിക്കുന്നവർ ജാഗ്രത പാലിക്കണമെന്ന് തിരുവനന്തപുരം പ്രൊട്ടക്ടർ ഓഫ് എമിഗ്രൻസും നോർക്ക റൂട്ട്സ് അധികൃതരും അറിയിച്ചു. ഈ മേഖലകളിലേക്ക് ഇടനിലക്കാർ വഴി തൊഴിൽ വാഗ്ദാനം ലഭിച്ച് പോയ ചിലർ തട്ടിപ്പിനിരയായ സാഹചര്യത്തിലാണ് അറിയിപ്പ്. കേന്ദ്ര വിദേശകാര്യ മന്ത്രാലയത്തിന്റെ ലൈസൻസുള്ള അംഗീകൃത ഏജൻസികൾ വഴി മാത്രമേ തൊഴിൽ അന്വേഷണവും കുടിയേറ്റവും നടത്താൻ പാടുള്ളൂ എന്നും നിർദേശമുണ്ട് .

****************************************

**ശബരിമല**

ശബരിമലയിൽ പൈങ്കുനി ഉത്രം ഉത്സവത്തിന്റെ ഏഴാം ഉത്സവദിനമായ ഇന്ന് മൂന്നാം വിളക്കെഴുന്നള്ളിപ്പ് നടക്കും. വലിയ ഭക്തജനത്തിരക്കാണ് സന്നിധാനത്ത് അനുഭവപ്പെടുന്നത്. മറ്റന്നാളാണ് ശരംകുത്തിയിലേക്ക് പള്ളിവേട്ട എഴുന്നള്ളത്ത്. പൈങ്കുനി ഉത്രം നാളായ 25ന് ഉച്ചയ്ക്ക് 11.30നു

RNUTVPM

പമ്പയിൽ ആറാട്ട് നടക്കും. അന്ന് രാവിലെ മുതൽ സന്നിധാനത്തേയ്ക്ക് തീർഥാടകർക്ക് നിയന്ത്രണമുണ്ട്.

****************************************

## വി ഡി സതീശൻ

മുഖ്യമന്ത്രി പിണറായി വിജയനെ എൻഫോഴ്സ്മെൻറ് ഡയറക്ടറേറ്റ് അറസ്റ്റുചെയ്യുകയാണെങ്കിൽ താൻ എതിർക്കില്ലെന്ന് പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ. അതെന്തിനാണെന്ന് നോക്കിയാവും പ്രതികരിക്കുകയെന്നും അദ്ദേഹം കണ്ണൂരിൽ വാർത്താസമ്മേളനത്തിൽ പറഞ്ഞു. ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജ്രിവാളിൻറെ അറസ്റ്റിൽ കേന്ദ്ര സർക്കാരിനെതിരെ രൂക്ഷവിമർശനവും ശ്രീ വി.ഡി സതീശൻ ഉന്നയിച്ചു.

****************************************

## കെ സുരേന്ദ്രൻ

ഡൽഹി മുഖ്യമന്ത്രി അരവിന്ദ് കെജ്രിവാളിന്റെ അറസ്റ്റിൽ കോൺഗ്രസിന്റെ നിലപാടിനെ വിമർശിച്ച് ബിജെപി സംസ്ഥാന അധ്യക്ഷൻ കെ സുരേന്ദ്രൻ. കേരളത്തിലെ കേസുകളിൽ കേന്ദ്ര ഏജൻസികൾ എന്താണ് നടപടിയെടുക്കാത്തത് എന്ന് ചോദിച്ചവരാണ് കോൺഗ്രസുകാർ . അരവിന്ദ് കെജ്രിവാളിൻറെ അറസ്റ്റിൽകോൺഗ്രസ് പ്രതിഷേധിക്കുന്നത് ഇരട്ടത്താപ്പാണെന്നും അദ്ദേഹം തിരുവനന്തപുരത്ത് മാദ്ധ്യമങ്ങളോട് പറഞ്ഞു..

RIJU TVPM

****************************************

## എം.എം.ഹസ്സൻ

കോൺഗ്രസിൻറെ ഫണ്ട് മരവിപ്പിച്ച് തെരഞ്ഞെടുപ്പ് അട്ടിമറിക്കാൻ ശ്രമിക്കുന്നതായി കേന്ദ്ര സർക്കാരിനെതിരെ ആരോപണം ഉന്നയിച്ച് കെപിസിസി ആക്ടിംഗ് പ്രസിഡൻറ് എംഎം ഹസൻ. പാർട്ടി നേതാക്കൾക്ക് യാത്ര ചെയ്യാനോ പ്രചാരണം നടത്താനോ പണമില്ലാത്ത അവസ്ഥയാണെന്നും, രാഷ്ട്രീയകക്ഷികളുടെ വരുമാനത്തിന്

ആദായനികുതി ബാധകമല്ലാത്തപ്പോഴാണ് ഇത്തരമൊരു നടപടി ഉണ്ടായതെന്നും അദ്ദേഹം പ്രതികരിച്ചു.

***************************************

**വേനലവധി പരിശീലനക്യാമ്പ്**

കേരള പോലീസിലെ വിദഗ്ധരായ പരിശീലകരുടെ നേതൃത്വത്തിൽ വേനലവധി പരിശീലനക്യാമ്പ് ഏപ്രിൽ ഒന്നു മുതൽ തിരുവനന്തപുരം പാളയം ചന്ദ്രശേഖരൻ നായർ സ്റ്റേഡിയത്തിലെ സ്ക്വാഷ് സെന്ററിൽ ആരംഭിക്കുന്നു. ടേബിൾ ടെന്നീസ്, ആർച്ചറി, സ്ക്വാഷ്, ഫെൻസിങ് എന്നീ ഇനങ്ങളിലാണ് രാവിലെയും വൈകിട്ടും പരിശീലനം.

***************************************

**ഐപിഎൽ**

ഐ.പി.എൽ ട്വന്റി-20 ക്രിക്കറ്റ് 17-ാം സീസണ് ഇന്ന് തുടക്കം. ചെന്നൈ ചിദംബരം സ്റ്റേഡിയത്തിൽ രാത്രി 8 മണിക്കാണ് ഉദ്ഘാടന മത്സരം. ആദ്യ മത്സരത്തിൽ നിലവിലെ ചാമ്പ്യന്മാരായ ചെന്നൈ സൂപ്പർ കിങ്സ്, റോയൽ ചലഞ്ചേഴ്സ് ബംഗളുരുവിനെ നേരിടും.

***************************************

**സംസ്ഥാനം -ചൂട്**

സംസ്ഥാനത്ത് താപനില ഉയരുന്നു. ഈ മാസം 26 വരെ കോട്ടയം, കൊല്ലം, തൃശ്ശൂർ ജില്ലകളിൽ ഉയർന്ന താപനില 39°C വരെയും, പത്തനംതിട്ട ജില്ലയിൽ 38°C വരെയും ഉയരാൻ സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. ആലപ്പുഴ,എറണാകുളം, മലപ്പുറം, കോഴിക്കോട് ജില്ലകളിൽ ഉയർന്ന താപനില 37°C വരെയും, തിരുവനന്തപുരം, പാലക്കാട് ജില്ലകളിൽ 36°C വരെയും കൂടാൻ സാധ്യതയുണ്ട്.

***************************************

**പേറ്റന്റ് ലഭിച്ചു**

തിരുവനന്തപുരത്തെ കേന്ദ്ര കിഴങ്ങുവിള ഗവേഷണ കേന്ദ്രം വികസിപ്പിച്ച, കൂർക്ക കിഴങ്ങ് തരം തിരിക്കൽ യന്ത്രത്തിന്

RNU TVPM

പേറ്റന്റ് ലഭിച്ചു. കൂർക്ക കിഴങ്ങിനെ ചെറുത്, ഇടത്തരം, വലുത്, വളരെ വലുത് എന്നീ നാല് സൈസുകളായി ഇതിലൂടെ തരം തിരിക്കാൻ സാധിക്കും. ഡോ. കൃഷ്ണകുമാറിന്റെ നേതൃത്വത്തിലുള്ള ഗവേഷണ ടീമിനാണ് പേറ്റന്റ് ലഭിച്ചത്.

****************************************

## <u>ഗതാഗത നിയന്ത്രണം</u>

തിരുവനന്തപുരം കിംസ്-വിനോദ് നഗർ , പുലയനാർകോട്ട -ടി ബി സാനിറ്റോറിയം റോഡുകളിൽ മാർച്ച് 25, 26 തിയതികളിൽ പൂർണ ഗതാഗത നിയന്ത്രണം ഉണ്ടായിരിക്കും. ബി.എം പ്രവർത്തി നടക്കുന്നതിനാലാണ് നിയന്ത്രണമെന്ന് പൊതുമരാമത്ത് വകുപ്പ് അറിയിച്ചു.

****************************************

*****************

RNU TVPM